(ര) സ്കൂളുകൾ ഇല്ലാത്ത വില്ലേജുകൾ ഏതെല്ലാമെന്ന മനസ്സിലാ യി ഗവണ്മെണ്ടിൽനിന്ന മറുപടി പറയുമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ.— (ക) ഉവ്വ്.

(ഖ) ഒന്നും ഇല്ല.

(ഗ) നാല്.

പത്ത്.

(ഘ) കരിയന്നൂർ, നെല്ലുവായി, ചിറ്റണ്ട, തലശ്ശേരി ആരങ്ങോ ട്ടുകര, പല്ലൂർ, ആറ്റൂർ, നെടുമ്പുര.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ.— ഈ നിയോജക മണ്ഡലത്തി ൽപെട്ട പുലക്കാട്ട വില്ലേജിൽ സ്കൂൾ ഉണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— ഇതിൽ പറയുന്ന വി ല്ലേജുകളെപ്പറ്റിയും, അവയുടെ അതിർത്തികളെപ്പറ്റിയും മറ്റുമുള്ള വി വരങ്ങളും വില്ലേജാഫീസർമാരിൽനിന്നും കിട്ടീട്ടുള്ളതാണ്. ര-ാം സ പ്ലി ഡിവിഷനിൽ ചേർത്തിട്ടുള്ള വില്ലേജുകളൊഴികെ ബാക്കിയുള്ള എ ല്ലാ വില്ലേജുകളിലും സ്കൂളുകൾ ഉണ്ടെന്നാണ് അറിവ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഒരു താലൂക്കിൽ എട്ട വി ല്ലേജുകളുണ്ടെങ്കിൽ ആ എട്ട വില്ലേജുകളിലും സ്കൂളുകൾ ഇല്ലാതിരു ന്നാൽ ദോഷമാണെന്ന ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ.— അതു കുറച്ചു ദൂരമു വെങ്കിൽ അതുയെങ്കിലും ഉണ്ടല്ലോ എന്നു വിചാരിച്ചു സമാധാനപ്പെ ടേണ്ടതാണ്. ഇതു സംബന്ധമായ ന്യൂനതകൾ തീർക്കുവാൻ വേണ്ടിയു ള്ള ഒരു ബിൽ ഇപ്പോൾ ആലോചനയിലിരിക്കുന്നുണ്ട്. അതിൻെറ ഒ രു തീരുമാനം വരുന്നതിനു മുമ്പ് പ്രത്യേകിച്ച് ഈ ചോദ്യത്തിന് ഒരു മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Muslim Applicants—Senior Inspector's post.

33. മിസ്റ്റർ വി. കെ. കുട്ടി.— താഴെപറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ ഗവണ്മെണ്ടിനു മനസ്സുണ്ടാകുമോ:—

(ക) വിദ്യാഭ്യാസവകുപ്പിൽ സീനിയർ ഇൻസ്പെക്ടർമാരായിരുന്ന മെ സ്സേർസ് കെ. എ. ദൊരസ്വാമി അയ്യർ, സുബ്ബരായ അയ്യർ, അനന്ത നാരായണയ്യർ എന്നിവർ റിട്ടയർചെയ്യുന്ന കാലത്തും അതിനുമുമ്പും പ്ര സ്തുത ഒഴിവിലേക്ക കൊച്ചി രാജ്യവാസികളായ മുസ്ലീംകളിൽനിന്നും എ ത്ര അപേക്ഷകൾ കിട്ടീട്ടുണ്ട്, അവർ ആരെല്ലാമായിരുന്നു;

(ഖ) പ്രസ്തുത ഉദ്യോഗത്തിനു വേണ്ടുന്ന വിദ്യാഭ്യാസ യോഗ്യത യെന്തു;

LIBRARY ARCHIVES Kerala Legislative Assembly

(ന) മേൽപറഞ്ഞ അപേക്ഷകനോ അപേക്ഷകന്മാർക്കോ ഗവമ്മെണ്ടു നിർണ്ണയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത ഉണ്ടോ;

(ര) ഉണ്ടെങ്കിൽ എന്തുകൊണ്ടാണു് അവരുടെ അപേക്ഷകളെ സ്വീകരിക്കാതിരുന്നതു്;

(ഒ) മേല്പറഞ്ഞ അപേക്ഷകന്മാരിൽ ആരെങ്കിലും ഗവമ്മെണ്ടു സ്റ്റെപ്പ്ൻറിന്മേൽ പഠിച്ചിട്ടുള്ളവരാണോ;

(ന്യ) ഒരു ഇൻസ്പെക്ടരെ നിയമിച്ചു തരണമെന്നു കൊച്ചിയിലെ മുസ്ലീംകൾ അപേക്ഷിച്ചുതുടങ്ങീട്ടു് എത്ര കാലമായി എന്നു സദയം പ്രസ്താവിക്കുമോ;

(ഒ) അടുത്തുണ്ടാകുവാൻ പോകുന്ന സീനിയർ ഇൻസ്പെക്ടരുടെ ഒഴിവിലേക്കു് ഒരു മുസ്ലീമിനെ നിയമിച്ചു മുസ്ലീംസമുദായത്തിന്റെ ചിരകാലമായ അപേക്ഷയെ നിറവേറ്റുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— (ക) ഉള്ളിടത്തോളം റിക്കാർട്ടുകൾ പരിശോധിച്ചതിൽ രണ്ടു് അപേക്ഷകന്മാർ ഉണ്ടായിരുന്നതായിക്കാണുന്നുണ്ടു്. അവർ (ക) കെ. മുഹമ്മദാലി, ബി. എ (അന്നു ടെയിനിംഗിലായിരുന്നു)യും; (ഖ) കെ. കെ. കൊച്ചുസാഹിബ്ബ്, എം. എ (ആണേഴ്സ്) എൽ. ടി. യും ആയിരുന്നു.

(ഖ) കോട്ടകളിലൊന്നും ഇതിനെപ്പറ്റി പ്രത്യേകം പ്രസ്താവിച്ചിട്ടില്ല. ചുരുങ്ങിയതു ഹൈസ്കൂൾ ഡിപ്പാർട്ടുമെണ്ടിൽ ധാരാളം പരിചയം സിദ്ധിച്ചിട്ടുള്ള ഒരു ബി. എ., എൽ. ടി. ബിരുദധാരിയായിരിക്കണം.

(ന) ഉള്ളതായി അറിവില്ല.

(ര) മേൽപറഞ്ഞ ഉത്തരം നോക്കുക.

(ഒ) അറിവില്ല.

(ന്യ) കുറച്ചുകാലമായി.

(ഒ) ആ ഒഴിവിൽ വേറെ വിധത്തിൽ നിയമനം നടത്തിക്കഴിഞ്ഞിരിക്കുന്നു.

മിസ്റ്റർ വി. കെ. കുട്ടി.— ഹെഡ് മാസ്റ്റർമാരേക്കാൾ കൂടുതലായി പരിചയമുള്ളവർ ഇൻസ്പെക്ഷൻ ഡിപ്പാർട്ടുമെൻറിലുണ്ടായിരുന്നാൽ അങ്ങിനെയുള്ള ആളുകളെ നിയമിയ്ക്കുന്നതു കുറച്ചു ഭേദമല്ലേ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— ഇതു് അഭിപ്രായവ്യത്യാസമുള്ള ഒരു ചോദ്യമാണു്. ഒന്നാമതായി ഈ പറഞ്ഞ ആളുകൾ കൊച്ചീ സർക്കാരിൽ ഉദ്യോഗത്തിലിരിക്കുന്നുണ്ടോ എന്നു നോക്കണം.

മിസ്റ്റർ വി. കെ. കുട്ടി.—കൊച്ചീ സർക്കാരിൽ ജോലിയിൽ ഇരിക്കുന്നവർക്കു കൊച്ചീ സർക്കാരിലുള്ള ജോലികൾ നടത്തുവാൻ കഴിയുകയുള്ളൂ എന്നു ഗവമ്മെൻറിനു തോന്നുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— പ്രത്യേകിച്ചു കൊച്ചീക്കാരൻ ആയിരിക്കണമെന്നാണു പറയുന്നതു്. എന്നാൽ ഇപ്രകാരമുള്ള ചില്ലറ ജോലികൾക്കുവേണ്ടി പുറമെനിന്നും ആളുകളെ ഇറക്കുമതിചെയ്യണമെന്നാണോ മെമ്പർ ആവശ്യപ്പെടുന്നതു്?

മിസ്റ്റർ വി. കെ. കൃട്ടി.— ഈ രണ്ടു് അപേക്ഷകന്മാരും കൊച്ചീക്കാരല്ലെന്നാണോ ഗവമ്മെൻറിൻെറ ഉദ്ദേശം?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— കൊച്ചിയിൽ വളരെക്കാലം ഉദ്യോഗത്തിൽ ഇരുന്ന ആളുകൾ ഉള്ളപ്പോൾ അവരുടെ അവകാശത്തെ നീക്കിവച്ചു ചെയ്യണമെന്നില്ല.

മിസ്റ്റർ വി. കെ. കൃട്ടി.— ബ്രിട്ടീഷ് സക്കാരിൽ ഉദ്യോഗത്തിലിരുന്നവരെ ഇവിടെ ഹെഡ്ഡ് സായിട്ട വച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ — ധാരാളമുണ്ടു്.

മിസ്റ്റർ വി. കെ. കൃട്ടി.— അങ്ങിനെയാണെങ്കിൽ കൊച്ചീരാജ്യത്തുള്ള ആളുകൾക്കു് കൊച്ചി ഗവമ്മെൻറിൽനിന്നും യാതൊരു സഹായവും കിട്ടാതെ അവർ വിദേശങ്ങളിൽ പോയി പ്രവൃത്തിയെടുക്കുമ്പോൾ അവനവൻെറ രാജ്യത്തുതന്നെ തൊഴിൽ കിട്ടണമെന്നാപേക്ഷിച്ചാൽ ബ്രിട്ടീഷിൽ ജോലി ചെയ്തിരുന്നതുകൊണ്ടു കൊടുക്കയില്ല എന്നു പറയുന്നതു് ഒരു ശരിയായ കാരണമാണോ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— ബ്രിട്ടീഷിൽ ജോലിയിലിരുന്നവെന്നുള്ളതല്ല അതിനു കാരണം. ഈ നാട്ടിൽ ജോലിയിലിരുന്നിട്ടുള്ളവരും പ്രാപ്തന്മാരുമായ ആളുകളുള്ളപ്പോൾ അവരുടെ അവകാശത്തെ അവഗണിച്ചു ചെയ്യണമെന്നു ഗവമ്മെൻറിനുദ്ദേശമില്ല.

മിസ്റ്റർ വി. കെ. കൃട്ടി.— മുസ്ലീം സമുദായത്തിൽപെട്ടവരായി ഈ ഉദ്യോഗത്തിനു പ്രാപ്തിയുള്ളവരാരെങ്കിലും ഈ രാജ്യത്തുണ്ടോ എന്നു ഗവമ്മെൻറിനറിയാമോ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— ഇതിലേക്കു് മുസ്ലീം സമുദായത്തിൽനിന്നും ആളുകളെ വെക്കണമെന്നു നിർബന്ധമൊന്നുമില്ല.

മിസ്റ്റർ വി. കെ. കൃട്ടി.— കഴിഞ്ഞ കൌൺസിലിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പർ പറഞ്ഞിട്ടുള്ള മറുപടി "മേലാൽ ഇൻസ്പെക്ടർമാരുടെ ഒഴിവു വരുമ്പോൾ അതിലേക്കു് മുസ്ലീം സമുദായത്തിൽ അപേക്ഷകന്മാരുണ്ടെങ്കിൽ അവരിൽനിന്നും ആളുകളെ നിയമിക്കേണ്ടകാര്യം ആലോചിക്കാ"മെന്നാണു്. അങ്ങിനെ മറുപടി തന്നിട്ടുള്ളതു് ഗവമ്മെൻറു് ഇപ്പോൾ ഓർക്കുന്നുണ്ടോ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— ഗവമ്മെൻറു് അന്നു മറുപടി പറഞ്ഞിട്ടുള്ളതു ഡെപ്യൂട്ടി ഇൻസ്പെക്ടർമാരുടെ നിയമനത്തെ ഉദ്ദേശിച്ചാണു്. നേരെമറിച്ചു് ഈ ചോദ്യം ഇൻസ്പെക്ടറിംഗു്

LIBRARY ARCHIVES Kerala Legislative Assembly

ആഫീസർമാരെ സംബന്ധിച്ചുള്ളതാണ്. ഇതു രണ്ടിന്റേയും ശമ്പള ത്തോതിനുതന്നെ വളരെ വ്യത്യാസമുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി.— അന്ന് ഒരു സപ്ലിമെന്ററി ചോദ്യമായിട്ടാണ് ചോദിച്ചതു്.

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— അതു് എനിക്കറിയാം. അന്നും ഞാനല്ലേ മറുപടി പറഞ്ഞതു്. സീനിയർ ഇൻസ്പെക്ടർമാരെ ഉദ്ദേശിച്ചു് അങ്ങിനെ ഒരു മറുപടി ഞാൻ പറഞ്ഞതായിട്ട് എനിക്കു തോന്നുന്നില്ല. അങ്ങിനെ പറഞ്ഞിട്ടുണ്ടെങ്കിൽ അതു തെറ്റാണ്.

മിസ്റ്റർ വി. കെ. കുട്ടി.— മിസ്റ്റർ ടി. കെ. നായരുടെ ചോദ്യത്തിനാണ് അപ്രകാരം മറുപടി പറഞ്ഞിട്ടുള്ളതു്.

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— പറഞ്ഞിരിക്കാം.

മിസ്റ്റർ വി. കെ. കുട്ടി.— ഡിപ്പാർട്ടുമെന്റിൽ പഴക്കവും തഴക്കവുമുള്ള ഹെഡ്മാസ്റ്റർമാരുള്ളപ്പോൾ മറ്റുള്ളവരുടെ അപേക്ഷയെ ഗണിക്കയില്ലെന്നു പറയുന്നതു ശരിയല്ല. ഹെഡ്മാസ്റ്റർമാരായുള്ളവരെയാണ് ഇൻസ്പെക്ടർമാരായി നിയമിക്കുന്നതു്. അവർ ജോലിയിൽ പ്രവേശിച്ചു രണ്ടോ മൂന്നോ മാസങ്ങൾ കഴിയുമ്പോൾ പെൻഷൻ പറ്റി പിരിയുകയും ചെയ്യുന്നു. എന്നാൽ മുസ്ലീമിങ്ങൾക്ക് ഇതുവരെ അതുപോലെയുള്ള ഒരു സ്ഥാനത്തു കയറിപ്പിടിക്കുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു ദയവുചെയ്തു പുതിയ നിയമനങ്ങൾ ഉണ്ടാകുമ്പോൾ ആ ഉദ്യോഗത്തിന് എല്ലാംകൊണ്ടും പ്രാപ്തിയുള്ള മുസ്ലീമിങ്ങളെ നിയമിക്കാമോ? നൂറിനു മേലേയുള്ള ഉദ്യോഗങ്ങളുടെ കാര്യത്തെപ്പറ്റിയാണു ഞാൻ പറയുന്നതു്. അല്ലാതെ നൂറിനു താഴെയുള്ളതല്ല. ൫൦൦-൬൦൦ വരെയാണ് ഇൻസ്പെക്ടർമാരുടെ ശമ്പളം.

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— ഇതിനെപ്പറ്റിയുള്ള ഒരു ഉത്തരം ഇപ്പോൾ പറയുന്നതായാൽ അതു് അതൃബദ്ധമാകുമെന്നാണ് എനിക്കു തോന്നുന്നതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഉള്ളതായി അറിവില്ല, കോട്ടകളിലൊന്നും ഇതിനെപ്പറ്റി പ്രസ്താവിച്ചിട്ടില്ല. ചുരുങ്ങിയതു് ഹൈസ്കൂൾ ഡിപ്പാർട്ടുമെന്റിൽ ധാരാളം പരിചയം സിദ്ധിച്ചിട്ടുള്ള ഒരു ബി. എ., എൽ. ടി., ബിരുദധാരിയായിരിക്കണം എന്ന് ഇതിൽ പറഞ്ഞുകാണുന്നു. എന്നാൽ എം. എ., എൽ. ടി., ബിരുദമുള്ള ഒരാളുടെ അപേക്ഷ കിട്ടീട്ടുണ്ട്. ആ സ്ഥിതിക്ക് ഉള്ളതായി അറിവില്ല എന്നുള്ളതിന്റെ ഒരു ശരിയായ മറുപടി പറയാമോ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ.— ഉള്ളതു ഞാൻ പറയുന്നതിനു വിരോധമില്ലെങ്കിൽ പറയാം. ഒരു സമുദായത്തിൽനിന്നും ക

LIBRARY ARCHIVES Kerala Legislative Assembly

രാഗിക്ക് ഉദ്യോഗം കൊടുക്കണമെന്നാണ പറയുന്നത്. പുതിയ റഗുലേഷൻപ്രകാരം പ്രമോഷൻ വരുമ്പോൾ ചെയ്യുവാനേ തരമുള്ളൂ. അതു കൊണ്ട് ഈ മാതിരി സാമുദായികമായ കാര്യങ്ങളെപ്പറ്റി ചോദ്യം ചോദിക്കുന്നതു ശരിയല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഉള്ളതായി അറിവില്ല എന്നു പറഞ്ഞിരിക്കുന്നതു ശരിയായ മറുപടിയല്ല എന്നു സമ്മതിച്ചാൽ കൊള്ളാം.

റാവുസാഹിബ് ഐ. എൻ. മേനോൻ.— സമ്മതിക്കാം.

മിസ്റ്റർ വി. കെ. കുട്ടി.— മുമ്പും ഇതുപോലെയുള്ള അവകാശങ്ങൾ അവഗണിച്ചിട്ടുണ്ട്. അതു കാണിക്കുവാനാണ ഞാൻ പറയുന്നത്.

റാവുസാഹിബ് ഐ. എൻ. മേനോൻ.— പുറമെനിന്നും ആളുകളെ കൊണ്ടുവരാതെയിരിയ്ക്കുയാണോ, ഇവിടെയുള്ളവരെ വക്കാതെയിരിയ്ക്കുയാണോ ഏതാണ് അവകാശത്തെ അവഗണിക്കൽ?

മിസ്റ്റർ വി. കെ. കുട്ടി.— ബ്രിട്ടീഷ് സർവ്വീസിൽ ജോലിചെയ്ത പരിചയവും പഠിപ്പും പാണ്ഡിത്യവുമുള്ള ആളുകൾതന്നെ ധാരാളം ഇന്നു കൊച്ചീ സർവ്വീസിലിരിക്കുന്നുണ്ട്. അങ്ങനെയിരിക്കെ ഒരു കൊച്ചീക്കാരൻ ബ്രീട്ടീഷ് സർവ്വീസിലിരുന്ന ജോലിചെയ്താൽ അയാൾ കൊച്ചീക്കാരനല്ലെന്നും ഇവിടെ ജോലി കൊടുക്കയില്ലെന്നും പറയുന്നതു ശരിയല്ല.

റാവുസാഹിബ് ഐ. എൻ. മേനോൻ.— പത്തും ഇരുപതും ഇരുപത്തഞ്ചും സംവൽസരം ഈ നാട്ടിൽ ജോലിചെയ്ത പ്രമോഷൻ കിട്ടുവാൻ അവകാശമുള്ളവർ ഉള്ളപ്പോൾ അവരുടെ അവകാശത്തെ അവഗണിച്ചു ചെയ്യുന്നതു ന്യായമായിരിക്കയില്ല. അതുകൊണ്ടാണ കൊടുക്കയില്ലെന്നു പറഞ്ഞതു.

മിസ്റ്റർ വി. കെ. കുട്ടി.— മുസ്ലീമിങ്ങൾക്ക് ഉയർന്ന സ്ഥാനങ്ങളിൽ ഉള്ള ഉദ്യോഗങ്ങൾ കിട്ടുവാൻ ഈ സംസ്ഥാനത്ത് വളരെ പ്രയാസമായിരിക്കുന്നു. അതു പരിഹരിക്കണമെന്നാണ ഞാൻ ആവശ്യപ്പെട്ടതു.

റാവുസാഹിബ് ഐ. എൻ. മേനോൻ.— അതു തീർക്കുവാനാണ പബ്ലിക്ക സർവ്വീസു കമ്മീഷൻ ഏർപ്പെടുത്തുന്നതു. അതു നടപ്പായിക്കഴിഞ്ഞാൽ ഓരോരുത്തരുടേയും സീനിയാറിട്ടിയും എഫിഷ്യൻസിയും നോക്കി ചെയ്യുന്നതായിരിക്കും.

മിസ്റ്റർ വി. കെ. കുട്ടി.— ഇതേവരെയുള്ള വാദപ്രതിവാദങ്ങളിൽ നിന്നും എന്താണ മനസ്സിലാക്കേണ്ടതെന്ന് എനിക്ക തോന്നുന്നില്ല. (ചിരി.)

LIBRARY ARCHIVES Kerala Legislative Assembly